**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - സാംസ്കാരികകാര്യ വകുപ്പ് - വജ്ര ജൂബിലി ഫെലോഷിപ്പ് പദ്ധതി -പ്രാദേശിക സർക്കാരുകൾ മുഖേന നിർവ്വഹണം - മാർഗ്ഗ നിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയം ഭരണ വകുപ്പ് (ഡി എ) വകുപ്പ്

സ.ഉ.(കൈ.) നം. 30/2019/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 06.03.19

---

പരാമർശം : 1) 10.10.2017 ലെ സ.ഉ. (എം.എസ്) നം.28/2017/സാം.കാ.വ നമ്പർ ഉത്തരവ്

2) 07.03.2018 ലെ സ.ഉ. (ആർ.ടി) നം.126/2018/സാം.കാ.വ നമ്പർ ഉത്തരവ്

3) 14.06.2018 ലെ സ.ഉ.(എം.എസ്) നം.23/2018/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്

4) 14.02.2018 ലെ സ.ഉ.(എം.എസ്) നം.22/2018/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്

5) 03.03.2018 ലെ 62/ഡിബി2/2018//തസ്വഭവ നമ്പർ സർക്കാർ സർക്കുലർ

6) 16.10.2018 ന് ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മറ്റിയുടെ 4.1 ാം നമ്പർ യോഗതീരുമാനം

**ഉത്തരവ്**

നമ്മുടെ സാംസ്കാരിക ഉന്നതി നിലനിർത്തുകയും പരിപോഷിപ്പിക്കുകയും ചെയ്യുക, പുതുതലമുറയിൽപ്പെട്ട കുട്ടികളിലും, യുവാക്കളിലും കലാഭിമുഖ്യം ഉണർത്തുക, കലാവിഷയങ്ങളിൽ യോഗ്യത നേടിയ യുവാക്കളെ പ്രോത്സാഹിപ്പിക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെ സംസ്ഥാന സാംസ്കാരിക വകുപ്പ് ആവിഷ്കരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ നടപ്പിലാക്കുന്ന വജ്ര ജൂബിലി ഫെലോഷിപ്പ് പദ്ധതിക്ക് പരാമർശം രണ്ട് പ്രകാരം ഭരണാനുമതി നല്കി ഉത്തരവായിരുന്നു. പദ്ധതി നിർവ്വഹണം സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ പരാമർശം ഒന്നും മൂന്നും പ്രകാരം പുറപ്പെടുവിച്ചിരുന്നു.

2. പദ്ധതിയിൻ കീഴിൽ ഫെലോഷിപ്പ് നേടുന്ന കലാകാരന്മാർക്ക് പ്രതിമാസം 5000/- രൂപ അധിക ഫെലോഷിപ്പ് തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അനുവദിച്ച് നൽകുന്നത് ഉൾപ്പെടെയുള്ള കാര്യങ്ങൾ സംബന്ധിച്ച് പരാമർശം നാലും അഞ്ചും പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

3. സംസ്ഥാന സാംസ്കാരിക വകുപ്പ് ആവിഷ്കരിച്ച വജ്രജൂബിലി ഫെലോഷിപ്പ് പദ്ധതി സംസ്ഥാനത്തെ പ്രാദേശിക സർക്കാരുകൾ മുഖേനയാണ് നടപ്പിലാക്കുന്നത്. നഗരപാലിക, പഞ്ചായത്ത് സംവിധാനത്തിലെ ബന്ധപ്പെട്ട ഭരണ സമിതികളും സാംസ്കാരിക വകുപ്പും സംയുക്തമായി പദ്ധതി നിർവ്വഹിക്കുന്നതിന് സുവ്യക്തമായ മാർഗരേഖ പുറപ്പെടുവിക്കേണ്ടതുണ്ട്. ഇതു സംബന്ധിച്ച് പരാമർശം (6) ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാന പ്രകാരം പദ്ധതി നിർവ്വഹണത്തിന്റെ മാർഗ്ഗരേഖ, സംസ്ഥാന സാംസ്കാരിക വകുപ്പും, ജനകീയാസൂത്രണ സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പും ചർച്ച ചെയ്ത് രൂപപ്പെടുത്തിയിട്ടുണ്ട്.

4. വജ്ര ജൂബിലി ഫെലോഷിപ്പ് പദ്ധതി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന സംസ്ഥാനത്തെമ്പാടും നടപ്പിലാക്കുന്നതിന് വേണ്ടി തയ്യാറാക്കിയിട്ടുള്ള കരട് മാർഗരേഖ സർക്കാർ വിശദമായി പരിശോധിക്കുകയും, പദ്ധതിയുടെ കാര്യക്ഷമവും ഫലപ്രദവുമായ നിർവ്വഹണത്തിന് ഗുണകരമായ അനുബന്ധമായി ചേർത്തിട്ടുള്ള മാർഗ്ഗരേഖ അംഗീകരിച്ചുകൊണ്ടും ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

പാറ്റ്സി സ്റ്റീഫൻ

ജോയിന്റ് സെക്രട്ടറി

മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്

സെക്രട്ടറി, ആസൂത്രണ സാമ്പത്തിക വകുപ്പ്

സെക്രട്ടറി, സാംസ്കാരികകാര്യ വകുപ്പ്

ഡയറക്ടർ, സാംസ്കാരിക വകുപ്പ്

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

എല്ലാ ജില്ലാ കളക്ടർക്കും -പഞ്ചായത്ത് ഡയറക്ടർ മുഖേന

എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും, സെക്രട്ടറിമാർക്കും-പഞ്ചായത്ത് ഡയറക്ടർ മുഖേന

എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും, സെക്രട്ടറിമാർക്കും-ഗ്രാമവികസന കമ്മീഷണർ മുഖേന

എല്ലാ കോർപ്പറേഷൻ മേയർമാർക്കും, സെക്രട്ടറിമാർക്കും- നഗരകാര്യവകുപ്പ് ഡയറക്ടർ മുഖേന

എല്ലാ മുനിസിപ്പൽ ചെയർപേഴ്സൺമാർക്കും സെക്രട്ടറിമാർക്കും-നഗരകാര്യവകുപ്പ് ഡയറക്ടർ മുഖേന

വിവരപൊതുജന സമ്പർക്ക വകുപ്പ് ഡയറക്ടർക്ക് (അടിയന്തിര പത്രക്കുറിപ്പിന്)

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീമിഷൻ, തിരുവനന്തപുരം

എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും-പഞ്ചായത്ത് ഡയറക്ടർ മുഖേന

എല്ലാ എ.ഡി.സി (ജനറൽ) മാർക്കും-ഗ്രാമവികസന കമ്മീഷണർ മുഖേന

എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും-പഞ്ചായത്ത് ഡയറക്ടർ മുഖേന

എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും-പഞ്ചായത്ത് ഡയറക്ടർ മുഖേന

എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർക്കും, സെക്രട്ടറിമാർക്കും-പഞ്ചായത്ത് ഡയറക്ടർ മുഖേന

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ

ജനറൽ സെക്രട്ടറി, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ-പഞ്ചായത്ത് ഡയറക്ടർ മുഖേന

സെക്രട്ടറി, കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ-ഗ്രാമവികസന കമ്മീഷണർ മുഖേന

സെക്രട്ടറി, ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേംബർ-പഞ്ചായത്ത് ഡയറക്ടർ മുഖേന

സെക്രട്ടറി, മുനിസപ്പൽ ചെയർപേഴ്സൻമാരുടെ ചേംബർ-നഗരകാര്യവകുപ്പ് ഡയറക്ടർ മുഖേന

സെക്രട്ടറി മേയേഴ്സ് കൗൺസിൽ -നഗരകാര്യവകുപ്പ് ഡയറക്ടർ മുഖേന

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്), കേരള തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ, തിരുവനന്തപുരം .

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം

ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

പകർപ്പ്:-

ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ബഹു.സാംസ്കാരിക വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ബഹു.ധനകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്.

ഓഫീസ് കോപ്പി /സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

അനുബന്ധം

# സംസ്ഥാന സാംസ്കാരിക വകുപ്പും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും സംയുക്തമായി നടപ്പിലാക്കുന്ന വജ്രജൂബിലി ഫെലോഷിപ്പ് പദ്ധതി മാർഗ്ഗരേഖ

മനശ്ശുദ്ധീകരണത്തിനും മാനുഷിക മൂല്യങ്ങൾ പകരുന്നതിനും കലയ്ക്കുള്ള ശക്തി പരക്കെ അംഗീകരിക്കപ്പെട്ടതാണ്. ധാർമ്മിക, സാമൂഹ്യ, സാംസ്കാരിക പാഠങ്ങൾ പകരുവാനുള്ള മാധ്യമം കൂടിയാണ് കല. ക്ലാസിക്കൽ, സമകാലീന, നാടോടി കലാരൂപങ്ങളിൽ ആഭിമുഖ്യമുണർത്തുക വഴി കേരളത്തിന്റെ കലാ സാംസ്കാരിക സമ്പന്നത നിലനിർത്തുകയും നമ്മുടെ പുതുതലമുറയെ പൂർണ്ണ മനുഷ്യരായി വാർത്തെടുക്കുവാൻ സഹായിക്കുകയുമെന്ന ലക്ഷ്യം മുൻനിർത്തിയാണ് പദ്ധതി നടപ്പിലാക്കുന്നത്.

കേരള കലാമണ്ഡലം കല്പിത സർവ്വകലാശാല, കേരള സംഗീത നാടക അക്കാദമി, ലളിതകലാ ആക്കാദമി, ഫോക് ലോർ ആക്കാദമി എന്നിവയുടെ സഹകരണത്തോടെ ഓരോ കലാവിഭാഗത്തിലെ പ്രമുഖരായ കലാകാരന്മാരുടെ നേതൃത്വത്തിൽ നടത്തിയ മുഖാമുഖ പരീക്ഷയിലൂടെയാണ് പദ്ധതിയിൻ കീഴിൽ വിന്യസിച്ച 1000 കലാകാരന്മാരെ തെരഞ്ഞെടുത്തിട്ടുള്ളത്. ക്ലാസിക്കൽ, അഭിനയകല, ലളിതകല, ഫോക് ലോർ എന്നീ വിഭാഗങ്ങളിലായി 45-ഓളം കലാരൂപങ്ങളിൽ പ്രാവീണ്യം സിദ്ധിച്ച കലാകാരന്മാരെയാണ് മുനിസിപ്പൽ കോർപ്പറേഷൻ , മുനിസ്സിപ്പാലിറ്റി , ബ്ളോക്ക് പഞ്ചായത്ത് അടിസ്ഥാനത്തിൽ നിർണ്ണയിച്ചിട്ടുള്ള 176 ക്ലസ്റ്ററുകളിലായി സംസ്ഥാനത്തൊട്ടാകെ വിന്യസിച്ചിരിക്കുന്നത്.

സാംസ്കാരിക വകുപ്പ് ആവിഷ്കരിച്ച വജ്രജൂബിലി ഫെലോഷിപ്പ് പദ്ധതി സംസ്ഥാനത്തെ പ്രാദേശിക സർക്കാരുകളുടെ സജീവ പങ്കാളിത്തത്തോടെയാണ് നടപ്പിലാക്കുന്നത്. പഞ്ചായത്ത് രാജ്, നഗരപാലിക സംവിധാനത്തിലെ ബന്ധപ്പെട്ട ഓരോ ഭരണ സമിതികളും സാംസ്കാരിക വകുപ്പും സംയുക്തമായും ഇതര വകുപ്പുകളുടേയും സ്ഥാപനങ്ങളുടേയും സഹകരണം ഉറപ്പാക്കിയും പദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്നതാണ് .

## 1. സംസ്ഥാനതല ഏകോപനം

വജ്രജൂബിലി ഫെലോഷിപ്പ് പദ്ധതിയുടെ കാര്യക്ഷമമായ നിർവ്വഹണം ഉറപ്പാക്കുന്നതിന് സംസ്ഥാന തലത്തിൽ ഏകോപനം ആവശ്യമാണ്. ബഹു. സാംസ്കാരിക വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിലുള്ള സംസ്ഥാന സാംസ്കാരിക കൗൺസിലും സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റും ഈ ദൗത്യം നിർവ്വഹിക്കുന്നതാണ്. കൗൺസിലിന്റെ പ്രതിമാസ യോഗങ്ങളിൽ പദ്ധതി പ്രവർത്തനങ്ങളിൽ കൈവരിച്ച പുരോഗതി റിപ്പോർട്ട് ചെയ്യുന്നതും തുടർ മാസങ്ങളിലെ പരിപാടികൾ സംബന്ധിച്ച വിശദാംശങ്ങൾ അവതരിപ്പിക്കുന്നതുമാണ്. പഞ്ചായത്ത്, നഗര വികസന, സാംസ്കാരിക വകുപ്പുകളുടെ പ്രതിനിധികൾ നടത്തുന്ന പദ്ധതി നിർവ്വഹണ വിശകലനം സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റിന്റെ ആഭിമുഖ്യത്തിൽ നിശ്ചിത ഇടവേളകളിൽ നടത്തുന്നതാണ്.

## 2. ജില്ലാതല ഏകോപന സമിതി

പദ്ധതി നിർവ്വണത്തിന്റെ ജില്ലാതല ഏകോപനത്തിനായി ചുവടെ ചേർക്കുന്ന ഘടനയിൽ ഏകോപന സമിതി രൂപീകരിക്കുന്നതാണ്. പദ്ധതി നിർവ്വഹണത്തിന്റെ ക്രമീകരണങ്ങൾ , പദ്ധതി നിർവ്വഹണ ഏകോപനം, വിദ്യാലയങ്ങളിൽ വേണ്ടത്ര അദ്ധ്യയന സമയം കണ്ടെത്തൽ തുടങ്ങിയ സുപ്രധാന കാര്യങ്ങൾക്ക് നേതൃത്വവും മാർഗ്ഗ നിർദ്ദേശവും ഈ ജില്ലാതല സമിതി നൽകുന്നതായിരിക്കും. സമിതിയിൽ പരമാവധി അംഗങ്ങൾ 15 ആയിരിക്കും. സമിതി കുറഞ്ഞത് മൂന്ന് മാസത്തിലൊരിക്കൽ കൂടുന്നതാണ്.

ജില്ലാതല ഏകോപന സമിതിയുടെ ഘടന

| | | |
|---|---|---|
| അദ്ധ്യക്ഷൻ | | ജില്ലാ ആസൂത്രണ സമിതി ചെയർമെൻ |
| കൺവീനർ | | ജില്ലാ കളക്ടർ (ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറി) |
| ജോയിന്റ് കൺവീനർ | | ജില്ലാ പ്ലാനിംഗ് ആഫീസർ |
| അംഗങ്ങൾ | 1 | കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ – പ്രസിഡന്റ്/സെക്രട്ടറി |
| | 2 | കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ – പ്രസിഡന്റ്/സെക്രട്ടറി |
| | 3 | ചെംബർ ഓഫ് മുൻസിപ്പൽ ചെയർമെൻ – ജില്ലാ പ്രതിനിധി |
| | 4 | കോർപ്പറേഷൻ മേയർ/പ്രതിനിധി |
| | 5 | ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത് |
| | 6 | അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ) |
| | 7 | റീജിയണൽ ജോയിന്റ് ഡയറക്ടർ - പ്രതിനിധി |
| | 8 | ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ |
| | 9 | കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ |
| | 10 | ജില്ലാ കോ-ഓർഡിനേറ്റർ, നെഹ്റു യുവകേന്ദ്ര |
| | 11 | സെക്രട്ടറി, ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ |
| | 12 | ജില്ലാ യൂത്ത് വെൽഫെയർ ആഫീസർ/ജില്ലാ യൂത്ത് കോ-ഓർഡിനേറ്റർ |
| | 13 | വജ്രജൂബിലി ഫെലോഷിപ്പ് ജില്ലാ കോ-ഓർഡിനേറ്റർ |
| | 14 | ജനകീയാസൂത്രണ ജില്ലാ ഫെസിലിറ്റേറ്റർ |
| | 15 | ഗ്രന്ഥശാലാ സംഘം ജില്ലാ പ്രസിഡന്റ് |

## 3. നഗരസഭ/ബ്ലോക്ക് തല സമിതി

ബ്ലോക്ക് പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ അടിസ്ഥാനത്തിൽ വിന്യസിച്ചിട്ടുള്ള കലാകാരന്മാരുടെ സേവനം പരമാവധി പ്രയോജനപ്പെടുത്താൻ ഉതകുന്ന വിധത്തിൽ മാർഗ്ഗ നിർദ്ദേശം നൽകാനും പരിശീലന കേന്ദ്രങ്ങൾ സജ്ജീകരിക്കാനും കലാകാരന്മാരുടെ ആതിഥേയത്വം ഏറ്റെടുക്കാനും സഹായകരമായ വിധം കോർപ്പറേഷൻ/മുനിസിപ്പാലിറ്റി/ബ്ലോക്ക് തലത്തിൽ ചുവടെ ചേർക്കുന്ന ഘടനയിൽ ഒരു സമിതി രൂപീകരിക്കുന്നതാണ്. സമിതിയിൽ പരമാവധി 15 അംഗങ്ങൾ ആയിരിക്കും.

നഗരസഭ/ബ്ലോക്ക്തല സമിതിയുടെ ഘടന

| | | കോർപ്പറേഷൻ | മുനിസിപ്പാലിറ്റി | ബ്ലോക്ക് പഞ്ചായത്ത് |
|---|---|---|---|---|
| അദ്ധ്യക്ഷൻ | | മേയർ/നോമിനി | ചെയർപേഴ്സൺ/നോമിനി | ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് |
| കൺവീനർ | | സെക്രട്ടറി/തൊട്ടടുത്ത ഉദ്യോഗസ്ഥൻ | സെക്രട്ടറി/തൊട്ടടുത്ത ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| ജോയിന്റ് കൺവീനർ | | ക്ലസ്റ്റർ കൺവീനർ | ക്ലസ്റ്റർ കൺവീനർ | ക്ലസ്റ്റർ കൺവീനർ |
| അംഗങ്ങൾ | 1 | വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ | വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ | ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ |
| | 2 | കലാ കേന്ദ്രം സ്ഥിതി ചെയ്യുന്ന വാർഡ് കൗൺസിലേഴ്സ് | കലാ കേന്ദ്രം സ്ഥിതി ചെയ്യുന്ന വാർഡ് കൗൺസിലേഴ്സ് | കലാ കേന്ദ്രം സ്ഥിതി ചെയ്യുന്ന വാർഡ് മെമ്പേഴ്സ് |
| | 3 | യൂത്ത് ക്ലബ്ബ്/ഏകോപന സമിതി ഉപാദ്ധ്യക്ഷൻ | യൂത്ത് ക്ലബ്ബ്/ഏകോപന സമിതി ഉപാദ്ധ്യക്ഷൻ | യൂത്ത് ക്ലബ്ബ്/ഏകോപന സമിതി ഉപാദ്ധ്യക്ഷൻ |
| | 4 | വജ്ര ജൂബിലി ഫെലോഷിപ്പ് ജില്ലാ കോ-ഓർഡിനേറ്റർ | വജ്ര ജൂബിലി ഫെലോഷിപ്പ് ജില്ലാ കോ-ഓർഡിനേറ്റർ | വജ്ര ജൂബിലി ഫെലോഷിപ്പ് ജില്ലാ കോ-ഓർഡിനേറ്റർ |
| | 5 | കലാകേന്ദ്രം മോണിറ്റർമാർ | കലാകേന്ദ്രം മോണിറ്റർമാർ | കലാകേന്ദ്രം മോണിറ്റർമാർ |
| | 6 | സാംസ്കാരിക പ്രവർത്തകർ/ ഗ്രന്ഥശാലാ പ്രവർത്തകർ | സാംസ്കാരിക പ്രവർത്തകർ/ ഗ്രന്ഥശാലാ പ്രവർത്തകർ | സാംസ്കാരിക പ്രവർത്തകർ/ ഗ്രന്ഥശാലാ പ്രവർത്തകർ |
| | 7 | ഹെഡ് മാസ്റ്റർ/ അദ്ധ്യാപകൻ | ഹെഡ് മാസ്റ്റർ/ അദ്ധ്യാപകൻ | ഹെഡ് മാസ്റ്റർ/ അദ്ധ്യാപകൻ |

പദ്ധതി നിർവ്വഹണത്തിനായി പരിശീലന കേന്ദ്രങ്ങൾ തെരഞ്ഞെടുക്കുക, കേന്ദ്രങ്ങളുടെ ക്ലസ്റ്ററുകൾ രൂപീകരിക്കുക, ലഭ്യമായ കലാകാരന്മാരെ വിവിധ കേന്ദ്രങ്ങളിലായി നിയോഗിക്കുക, പരിശീലിപ്പിക്കപ്പെടാനായി കുട്ടികളേയും യുവാക്കളേയും തെരഞ്ഞെടുക്കുക, ഓരോ പരിശീലന കേന്ദ്രത്തിലും ആകർഷകമായ ഉദ്ഘാടന ചടങ്ങ് സംഘടിപ്പിക്കുക, കലാകാരന്മാരുടെ പ്രാദേശിക ആതിഥേയത്വം

ഏറ്റെടുക്കുക, കലാകാരന്മാരുടെ പ്രവർത്തന മികവ് അവലോകനം ചെയ്യുക, പരിശീലകരുടേയും പരിശീലനാർത്ഥികളുടേയും ഹാജർ, അവരുടെ പെരുമാറ്റം, അച്ചടക്കം എന്നിവ നിരീക്ഷിക്കുക തുടങ്ങി നിരവധി കാര്യങ്ങൾക്ക് മേല്പറഞ്ഞ സമിതി നേതൃത്വവും മാർഗ്ഗ നിർദ്ദേശങ്ങളും നൽകുന്നതാണ്.

## 4. ഗ്രാമപഞ്ചായത്ത് /നഗരസഭ വാർഡ്തല സമിതി

പദ്ധതി നിർവ്വഹണത്തിന്റെ അടിസ്ഥാന ഘടകം ഗ്രാപഞ്ചായത്ത് /നഗരസഭ വാർഡ് തലത്തിൽ നിർണ്ണയിച്ചിട്ടുള്ള പരിശീലന കേന്ദ്രങ്ങളാണ്. ഓരോ കേന്ദ്രത്തിലും ഫലപ്രദമായ പ്രവർത്തനങ്ങൾ നടക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് ജനപ്രതിനിധികളും സാംസ്കാരിക പ്രവർത്തകരും ഉദ്യോഗസ്ഥരുമടങ്ങുന്ന ഒരു സമിതി ചുവടെ ചേർക്കുന്ന ഘടനയിൽ രൂപീകരിക്കുന്നതാണ്. സമിതിയിൽ പരമാവധി 15 അംഗങ്ങൾ ആയിരിക്കും. ബ്ലോക്ക് / നഗരസഭാതല ക്ലസ്റ്റർ കൺവീനർ ഈ യോഗങ്ങളിൽ കഴിയുന്നിടത്തോളം പങ്കെടുക്കേണ്ടതാണ്.

അംഗീകൃത പാഠ്യപദ്ധതിയും നിശ്ചിത സമയപട്ടികയും പദ്ധതി മാർഗ്ഗരേഖയും അനുസരിച്ച് ഓരോ പരിശീലന കേന്ദ്രത്തിലും ക്ലാസുകൾ നടക്കുന്നുവെന്നും കേന്ദ്രത്തിന്റെ പശ്ചാത്തല സൗകര്യങ്ങൾ ഫെലോഷിപ്പ് കലാകാരന്മാരുടെ പ്രാദേശിക ആതിഥേയത്വം എന്നിവ ഈ സമിതി ഉറപ്പുവരുത്തുന്നതാണ്.

നഗരസഭ/ഗ്രാമപഞ്ചായത്ത്/വാർഡ്തല സമിതിയുടെ ഘടന

| | | കോർപ്പറേഷൻ/ വാർഡ് | മുനിസിപ്പാലിറ്റി/ വാർഡ് | ഗ്രാമ പഞ്ചായത്ത്/ വാർഡ് |
|---|---|---|---|---|
| അദ്ധ്യക്ഷൻ | | കൗൺസിലർ | കൗൺസിലർ | ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് |
| ഉപാദ്ധ്യക്ഷൻ | | കലാ സാംസ്കാരിക പ്രവർത്തകൻ | കലാ സാംസ്കാരിക പ്രവർത്തകൻ | വാർഡ് അംഗം |
| കൺവീനർ | | സെക്രട്ടറി /തൊട്ടടുത്ത ഉദ്യോഗസ്ഥൻ | സെക്രട്ടറി/തൊട്ടടുത്ത ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| ജോയിന്റ് കൺവീനർ | | കലാകേന്ദ്രം മോണിറ്റർ | കലാകേന്ദ്രം മോണിറ്റർ | കലാകേന്ദ്രം മോണിറ്റർ |
| അംഗങ്ങൾ | 1 | ക്ലസ്റ്റർ കൺവീനർ | ക്ലസ്റ്റർ കൺവീനർ | ക്ലസ്റ്റർ കൺവീനർ |
| | 2 | ഹെഡ് മാസ്റ്റർ | ഹെഡ് മാസ്റ്റർ | ഹെഡ് മാസ്റ്റർ |
| | 3 | സാംസ്കാരിക പ്രവർത്തകർ | സാംസ്കാരിക പ്രവർത്തകർ | സാംസ്കാരിക പ്രവർത്തകർ |
| | 4 | ഗ്രന്ഥശാലാ പ്രവർത്തകർ | ഗ്രന്ഥശാലാ പ്രവർത്തകർ | ഗ്രന്ഥശാലാ പ്രവർത്തകർ |

## 5. കലാപരിശീലന കേന്ദ്രങ്ങൾ സജ്ജമാക്കൽ

ബ്ലോക്ക്, ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിൽ ലഭ്യമായ എല്ലാ സൗകര്യങ്ങളും പദ്ധതിക്കുവേണ്ടി ഉപയോഗിക്കാവുന്നതാണ്. കമ്മ്യൂണിറ്റി ഹാൾ, സാംസ്കാരിക കേന്ദ്രങ്ങൾ, പദ്ധതിയുമായി സഹകരിക്കാൻ തയ്യാറായി വരുന്ന വിദ്യാലയങ്ങൾ, ഇതര സാംസ്കാരിക സ്ഥാപനങ്ങൾ, ഗ്രന്ഥശാലകൾ, യുവജന കലാസമിതികൾ, സ്ഥലസൗകര്യം ലഭ്യമായ മറ്റ് പൊതുസ്ഥലങ്ങൾ എന്നിവിടങ്ങളിൽ കലാപരിശീലനം സംഘടിപ്പിക്കാവുന്നതാണ്.

(I) തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളും ഉദ്യോഗസ്ഥ നേതൃത്വവും ചേർന്ന് പരിശീലന കേന്ദ്രങ്ങൾ നിർണ്ണയിച്ച് തിട്ടപ്പെടുത്തുകയും കൃത്യമായ സമയക്രമം നിശ്ചയിച്ച് പരിശീലന പരിപാടി സംഘടിപ്പിക്കുകയും ചെയ്യുന്നതാണ്.

(ii) തെരഞ്ഞെടുക്കപ്പെട്ട പരിശീലന കേന്ദ്രത്തിന് ഒരു ക്രമ നമ്പർ നൽകുന്നതും പെട്ടെന്ന് തിരിച്ചറിയത്തക്ക പദ്ധതി ലോഗോ സഹിതമുള്ള സൈൻ ബോർഡ് സ്ഥാപിക്കുന്നതുമാണ്. അംഗീകൃത ലോഗോയുടെ മാതൃക സാംസ്കാരിക വകുപ്പ് ലഭ്യമാക്കുന്നതാണ്.

(iii) ഒരു ക്ലസ്റ്ററിലെ പരിശീലന കേന്ദ്രങ്ങളുടെ എണ്ണം ആ ക്ലസ്റ്ററിൽ വിന്യസിക്കപ്പെട്ടിരിക്കുന്ന ആകെ കലാകാരന്മാരുടെ എണ്ണത്തിന് തുല്യമായിരിക്കും.

(iv) ഓരോ പരിശീലന കേന്ദ്രത്തിന്റേയും ചുമതല ഓരോ കലാകാരന്മാർക്കായി നിർണ്ണയിച്ച് നൽകേണ്ടതാണ്. പ്രസ്തുത കലാകാരൻ തന്റെ ചുമതലയുള്ള പരിശീലന കേന്ദ്രത്തിന് പുറമേ മറ്റ് കേന്ദ്രങ്ങളിലും നിശ്ചയിക്കുന്ന സമയക്രമം അനുസരിച്ച് പരിശീകലനായി സേവനം അനുഷ്ഠിക്കേണ്ടതാണ്.

## 6) ഫെലോഷിപ്പ് കലാകാരന്മാരുടെ (പരിശീലകർ) വിന്യാസം

i. മുനിസിപ്പൽ കോർപ്പറേഷൻ , മുനിസിപ്പാലിറ്റി, ബ്ലോക്ക് പഞ്ചായത്ത് അടിസ്ഥാനത്തിൽ നിർണ്ണയിച്ചിട്ടുള്ള ക്ലസ്റ്ററുകളിലാണ് ഫെലോഷിപ്പ് കലാകാരന്മാരെ വിന്യസിക്കുന്നത്.

ii. പ്രാദേശിക സർക്കാരുകളുടെ ആതിഥേയത്വത്തിലായിരിക്കും കലാകാരന്മാർ കലാപരിശീലനം നൽകുന്നത്.

iii. ഓരോ ക്ലസ്റ്ററിലും ലഭ്യമായ പരിശീലന കേന്ദ്രങ്ങളിൽ വ്യത്യസ്ത കലാരൂപങ്ങളിലുള്ള പരിശീലനം ലഭ്യമാക്കത്തക്കവിധത്തിലായിരിക്കും ഫെലോഷിപ്പ് കലാകാരന്മാരെ വിന്യസിക്കുന്നത്.

iv. പദ്ധതിയുടെ വിജയകരമായ നിർവ്വഹണത്തിന് ആവശ്യമെങ്കിൽ ഫെലോഷിപ്പ് കലാകാരന്മാരെ തങ്ങളുടെ ജില്ലയിലുള്ള ഏതെങ്കിലും ഇതര ക്ലസ്റ്ററുകളിലോ അത്യാവശ്യ ഘട്ടത്തിൽ സംസ്ഥാനത്ത് മറ്റ് ജില്ലകളിലെ ക്ലസ്റ്ററുകളിലോ വിന്യസിക്കുന്നതാണ്.

v. ഓരോ ക്ലസ്റ്ററിനുള്ളിൽ ലഭ്യമായ പരിശീലന കേന്ദ്രങ്ങളിൽ വിവിധ ദിവസങ്ങളിൽ വിവിധ കലാ വിഷയങ്ങളിൽ മാറി മാറി പരിശീലനം നൽകുന്നതാണ്. കൂടാതെ സമീപ ക്ലസ്റ്ററുകളിൽ നിന്നും ഫെലോഷിപ്പ് കലാകാരന്മാർ ജില്ലാ കോ-ഓർഡിനേറ്റർമാരുടെ നിർദ്ദേശമനുസരിച്ച് ഇതര ക്ലസ്റ്ററുകളിൽ കലാപരിപാടികളിൽ / പരിശീലനത്തിൽ പങ്കെടുക്കുന്നതുമാണ്.

## 7. കലാപരിശീലനം

കമ്മ്യൂണിറ്റി കേന്ദ്രങ്ങൾ, സാംസ്കാരിക ഭവനുകൾ, വിദ്യാലയങ്ങൾ, ഗ്രന്ഥശാലകൾ, യുവജനകലാ സമിതികൾ എന്നീ തെരെഞ്ഞെടുത്ത കേന്ദ്രങ്ങളിൽ ആഴ്ചയിൽ കുറഞ്ഞത് നാലു ദിവസങ്ങളിലാണ് കലാ പരിശീലനം നടക്കുന്നത്. ശനി, ഞായർ ദിവസങ്ങൾക്ക് പുറമേ രണ്ട് പ്രവർത്തി ദിവസങ്ങൾ കൂടി പരിശീലനം നടത്തുന്നതാണ്. ഒരു കേന്ദ്രത്തിൽ കുറഞ്ഞത് മൂന്ന് കലാ വിഷയങ്ങളിൽ പരിശീലനം നൽകുന്നതാണ്. അതാത് ക്ലസ്റ്ററുകളിൽ വിന്യസിച്ചിട്ടുള്ള കലാകാരന്മാരെ നിശ്ചിത ഊഴം അനുസരിച്ച് ഓരോ കേന്ദ്രത്തിലേക്കും നിയോഗിച്ച് പരിശീലന പരിപാടി നടപ്പിലാക്കുന്നതാണ്.

ആകർഷകമായ വിധത്തിൽ ഓരോ കേന്ദ്രത്തിലും ക്ലാസുകൾ ആരംഭിക്കുന്നതാണ്. ജില്ലയിലെ എല്ലാ ഫെലോഷിപ്പ് കലാകാരന്മാരും ഓരോ കേന്ദ്രത്തിലും പരിശീലനത്തിന്റെ ആദ്യ ദിവസം പങ്കെടുക്കുന്നതാണ്. അതാത് രംഗത്തെ വിദഗ്ധർ തയ്യാറാക്കുന്ന ഒരു പരിശീലന പാഠ്യ പദ്ധതിയുടെ അടിസ്ഥാനത്തിലായിരിക്കും ഓരോ കലാരൂപത്തിന്റേയും പരിശീലനം നടത്തുന്നത്. വ്യത്യസ്ത കലാരൂപങ്ങളിൽ ഓരോ കേന്ദ്രത്തിലും പരിശീലനം നടക്കുന്നതിനാൽ ഓരോ കേന്ദ്രത്തിലും ആരെല്ലാം, എന്തെല്ലാം കലാരൂപങ്ങൾ എപ്പോഴൊക്കെ പഠിപ്പിക്കും എന്നത് സംബന്ധിച്ച് ഒരു ഷെഡ്യൂൾ (Time Table) തയ്യാറാക്കി മുൻകൂട്ടി പ്രസിദ്ധീകരിക്കുന്നതാണ്.

അംഗീകൃത പാഠ്യ പദ്ധതിയും സിലബസും പ്രകാരം പരിശീലനം നടത്തുന്നതും ഒരു മാസത്തോളമുള്ള ആമുഖ പഠനത്തിനു ശേഷം ക്ലസ്റ്റർ അടിസ്ഥാനത്തിൽ പഠിതാക്കളെ പങ്കെടുപ്പിച്ചുകൊണ്ട് ഓരോ കലാ വിഭാഗത്തിന്റേയും ഒരു സോദാഹരണ പ്രഭാഷണവും അവതരണവും ആകർഷകമാംവിധം സംഘടിപ്പിക്കുന്നതാണ്. പരിശീലന സൗകര്യം ലഭ്യമായ കലാരൂപങ്ങളിൽ നിന്നും ഏത് ഇനം തിരഞ്ഞെടുക്കണമെന്ന കാര്യത്തിൽ കൃത്യമായ തീരുമാനമെടുക്കാൻ പഠിതാക്കളെ ഈ സോദാഹരണ പ്രഭാഷണം സഹായിക്കുന്നതാണ്. പദ്ധതിയിൻ കീഴിൽ കലാകാരന്മാരും സഹൃദയ സമൂഹവും ഒത്തു ചേരുന്ന ആദ്യ കൂട്ടായ്മയായി ഈ ഒത്തുചേരൽ മാറുന്നതുമാണ്. പദ്ധതിക്ക് കൂടുതൽ പ്രചാരണവും സ്വീകാര്യതയും ലഭിക്കുന്നതിന് ഇത് സഹായിക്കുന്നതാണ്.

## 8. പരിശീലനാർത്ഥികളുടെ പ്രവേശനം

i. ക്ലാസിക്കൽ, സമകാലീന, നാടോടി വിഭാഗങ്ങളിൽപ്പെട്ട കേരളത്തിന്റെ തനത് കലാരൂപങ്ങളിൽ കുട്ടികളിലും, യുവാക്കളിലും ആഭിമുഖ്യമുണർത്തുക, പരിശീലനം നൽകുക തുടങ്ങിയവയാണ് പദ്ധതി ലക്ഷ്യം. 5 മുതൽ 9 വരെയും 11 -ാം ക്ലാസിലും പഠിക്കുന്ന സ്കൂൾ വിദ്യാർത്ഥികൾക്ക് പ്രത്യേകിച്ചും പ്രായഭേദമന്യേ മറ്റ് എല്ലാവർക്കും കലാപഠനത്തിന് പദ്ധതി പ്രയോജനപ്പെടുത്താവുന്നതാണ്.

ii. പദ്ധതിയിൽ ചേരുവാൻ ആഗ്രഹിക്കുന്നവർ നിശ്ചിത പ്രവേശന ഫോറം പൂരിപ്പിച്ച് നൽകേണ്ടതാണ്. ഗ്രാമപഞ്ചായത്ത്/ബ്ലോക്ക്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ തലത്തിൽ രൂപീകരിക്കുന്ന സമിതികൾ അപേക്ഷകൾ അംഗീകരിച്ച് കലാപരിശീലനത്തിന് അപേക്ഷകരെ ചേർക്കാവുന്നതാണ്. പരിശീലന കേന്ദ്രങ്ങളിൽ ലഭ്യമായ സൗകര്യങ്ങൾക്ക് അനുസരിച്ച് പഠിതാക്കളെ വിവിധ ബാച്ചുകളിലായി തിരിച്ച് പരിശീലനം നൽകാവുന്നതാണ്.

## 9. ഫെലോഷിപ്പ് കലാകാരന്മാരുടെ ഇതര കർത്തവ്യങ്ങൾ

i. കുട്ടികൾക്കും, മുതിർന്നവർക്കും കലാപരിശീലനം നൽകുന്നതിന് പുറമെ ഫെലോഷിപ്പ് കലാകാരന്മാർ കേരളത്തിന്റെ കലാസാംസ്കാരിക പാരമ്പര്യം നിലനിർത്തുന്നതിന് സഹായകരമായ പ്രവർത്തനങ്ങൾ കൂടി നടത്തുന്നതാണ്. ഓരോ പ്രദേശത്തിന്റേയും ക്ഷയോന്മുഖമായ തനത് കലാരൂപങ്ങൾ കണ്ടെത്തി അവയുടെ പുനഃരുജ്ജീവനത്തിനും പ്രചാരണത്തിനും പദ്ധതി തയ്യാറാക്കി പ്രാദേശിക സർക്കാരുകൾക്ക് സമർപ്പിക്കുന്നതാണ്.

ii. സർക്കാർ/പ്രാദേശിക സർക്കാർ ക്ഷേമപദ്ധതികൾ സംബന്ധിച്ച പ്രചാരണത്തിന് ഫെലോഷിപ്പ് കലാകാരന്മാർ സഹായിക്കുന്നതാണ്.

iii. മദ്യം, മയക്ക മരുന്ന്, അനാചാരങ്ങൾ തുടങ്ങിയ സാമൂഹ്യ തിന്മകൾക്കെതിരെ ബോധവത്ക്കരണം നടത്തുന്നതിന് ഫെലോഷിപ്പ് കലാകാരന്മാർ പ്രയത്നിക്കുന്നതാണ്.

iv. കുട്ടികളും യുവാക്കളും അടങ്ങിയ പ്രാദേശിക കലാസമിതികൾ രൂപീകരിക്കുന്നതിന് നേതൃത്വം നൽകുന്നതാണ്.

v. നിശ്ചിത ഇടവേളകളിൽ ബ്ലോക്ക്/മുൻസിപ്പാലിറ്റി/കോർപ്പറേഷൻ തലത്തിലും ജില്ലാ തലത്തിലും കലാകാരന്മാരുടെ യോജിച്ചുള്ള കലാപ്രകടനങ്ങൾ നടത്തുന്നതാണ്.

## 10. ഫെലോഷിപ്പ് കലാകാരന്മാർക്കുള്ള പ്രതിമാസ പ്രതിഫലം

i. ഫെലോഷിപ്പ് കലാകാരന്മാർക്ക് 10,000/- രൂപ നിരക്കിൽ സാംസ്കാരിക വകുപ്പ് പ്രതിമാസം ഫെലോഷിപ്പ് നൽകുന്നതാണ്.

ii. പ്രസ്തുത തുകയ്ക്ക് പുറമേ 5000/- രൂപ കൂടി ഓരോ കലാകാരനും പ്രതിമാസം അതാത് പ്രാദേശിക സർക്കാർ (ബ്ലോക്ക്/നഗരസഭ) നൽകുന്നതാണ്.

iii. കലാകാരന്മരുടെ പദ്ധതി പ്രവർത്തനം, ഹാജർ തുടങ്ങിയവ പരിശോധിച്ച് ജില്ലാ കോ-ഓർഡിനേറ്റർ നൽകുന്ന റിപ്പോർട്ട്, സാംസ്കാരിക വകുപ്പ് ഡയറക്ടറുടെ സാക്ഷ്യപ്പെടുത്തൽ എന്നിവയുടെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രതിമാസ അധിക പ്രതിഫലം കലാകാരന്മാരുടെ ബാങ്ക് അക്കൗണ്ടിലേക്ക് പ്രാദേശിക സർക്കാരുകൾ അനുവദിക്കുന്നതാണ്. ആവശ്യമായ റിപ്പോർട്ടുകൾ ക്ലസ്റ്റർ കൺവീനർ, ജില്ലാ കോ-ഓർഡിനേറ്റർ തുടങ്ങിയവർ കൃത്യമായി നിശ്ചിത ഫോറത്തിൽ ഡയറക്ടറേറ്റിന് സമർപ്പിക്കേണ്ടതാണ്.

## 11. കലാപരിശീലനത്തിന് വേണ്ടി വരുന്ന യാത്രകൾക്ക് യാത്രാപ്പടി

i. കലാകാരന്മാർ വിന്യസിക്കപ്പെട്ട ക്ലസ്റ്ററുകൾക്ക് പുറത്തേക്കുള്ള യാത്രകൾക്ക് വേണ്ടി വരുന്ന യഥാർത്ഥ യാത്രാ ചെലവ് അനുവദിച്ച് നൽകുന്നതാണ്.

ii. വിന്യസിക്കപ്പെടുന്ന ക്ലസ്റ്റർ, കലാകാരന്റെ താമസ സ്ഥലത്തു നിന്നും 25 കി.മീ. അധികം അകലെയാണെങ്കിൽ തീവണ്ടി അഥവാ ബസ് സീസൺ ടിക്കറ്റ് നിരക്കിൽ യാത്രാച്ചെലവ് നൽകുന്ന കാര്യം സാംസ്കാരിക വകുപ്പ് പരിഗണിക്കുന്നതാണ്.

iii. പദ്ധതിയിൻ കീഴിൽ ജില്ലാ/സംസ്ഥാനതല കലാപരിപാടികൾ അവതരിപ്പിക്കുന്നതിനായി യാത്ര ചെയ്യുന്ന ഫെലോഷിപ്പ് കലാകാരന്മാർക്ക് യഥാർത്ഥ യാത്രാക്കൂലിയും ബാറ്റയും ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകൾ നൽകുന്നതാണ്.

## 12. ജില്ലാ കോ-ഓർഡിനേറ്റർമാർ

വജ്രജൂബിലി ഫെലോഷിപ്പ് പദ്ധതിയുടെ ജില്ലാതല നിർവ്വഹണ ഏകോപന ചുമതല സാംസ്കാരിക വകുപ്പ് നിയമിച്ചിട്ടുള്ള ജില്ലാ കോ-ഓർഡിനേറ്റർമാർക്കായിരിക്കും. ക്ലസ്റ്റർ അടിസ്ഥാനത്തിൽ കലാകാരന്മാരുടെ നേതൃത്വത്തിൽ നടക്കുന്ന കലാപരിശീലനം, ഇതര പ്രവർത്തനങ്ങൾ എന്നിവ നിശ്ചിത രീതിയിൽ പുരോഗമിക്കുന്നുവെന്ന് ജില്ലാ-കോർഡിനേറ്റർ ഉറപ്പാക്കേണ്ടതാണ്. പദ്ധതി നിർവ്വഹണ കാര്യത്തിൽ സംസ്ഥാന സാംസ്കാരിക വകുപ്പും നിർദ്ദേശിക്കപ്പെട്ടിട്ടുള്ള സമിതികളും പ്രാദേശിക സർക്കാരുകളും ഇതര സ്ഥാപനങ്ങളും തമ്മിലുള്ള സഹകരണം, ഏകോപനം, ആശയവിനിമയം എന്നിവ നടത്തുന്നതിന് ജില്ലാ-കോർഡിറ്റേർ നേതൃത്വം നൽകുന്നതാണ്.

ഫെലോഷിപ്പ് കലാകാരന്മാർ സർക്കാരിന്റെ കലാ സാംസ്കാരിക സ്ഥാനപതികളായി സമൂഹ മദ്ധ്യത്തിൽ നിന്നും പ്രവർത്തിക്കുന്നവരായതിനാൽ അവരിൽ നിന്നും ഉന്നതമായ പെരുമാറ്റ മര്യാദകളാണ് പ്രതീക്ഷിക്കുന്നത്. ഇക്കാര്യം ജില്ലാ-കോർഡിനേറ്റർമാർ ഉറപ്പാക്കുന്നതും മറിച്ചുള്ള പ്രവണതകൾ സംബന്ധിച്ച് വകുപ്പ് അദ്ധ്യക്ഷന് റിപ്പോർട്ട് ചെയ്യുകയും ചെയ്യേണ്ടതുമാണ്.

പദ്ധതി നിർവ്വഹണ പുരോഗതി കോ-ഓർഡിനേറ്റർമാർ നിരന്തരം വിശകലനം ചെയ്ത് ഡയറക്ടറേറ്റിന് റിപ്പോർട്ട് ചെയ്യുന്നതാണ്. ഇതിനായി ഓരോ പരിശീലന കേന്ദ്രവും നിശ്ചിത ഇടവേളകളിൽ സന്ദർശിക്കുകയും അവിടുത്തെ പദ്ധതി പ്രവർത്തനങ്ങൾ വിലയിരുത്തുകയും രേഖപ്പെടുത്തുകയും ചെയ്യേണ്ടതാണ്. ഫെല്ലോഷിപ്പ് കലാകാരന്റെ കൃത്യനിഷ്ഠ, പ്രവർത്തന മികവ്, പഠിതാക്കളിൽ ജിജ്ഞാസയും ആവേശവും നിറച്ച് അവരെ പദ്ധതിയിൽ നിലനിർത്താൻ പ്രകടിപ്പിക്കുന്ന നൈപുണ്യം, പെരുമാറ്റമര്യാദകൾ, പഠിതാക്കളുടെ എണ്ണം, അവരുടെ ഹാജർ തുടങ്ങിയ വിവിധ കാര്യങ്ങൾ ഉൾകൊള്ളുന്ന പ്രതിമാസ റിപ്പോർട്ട് ഡയറക്ടറേറ്റിന് കൃത്യമായി സമർപ്പിക്കേണ്ടതാണ്.

കലാകാരന്മാർക്കുള്ള ഫെലോഷിപ്പ്, പ്രാദേശിക സർക്കാരുകളുടെ ഫെലോഷിപ്പ് വിഹിതം, യാത്രാ ബത്ത തുടങ്ങിയവ ലഭിക്കുന്നതിന് ആവശ്യമായ രേഖകൾ സമാഹരിക്കുക, റിപ്പോർട്ടുകൾ നിശ്ചിത മാതൃകയിൽ സാംസ്കാരിക വകുപ്പിനും പ്രാദേശിക സർക്കാരിനും ലഭ്യമാക്കുക തുടങ്ങിയ കാര്യങ്ങൾ ജില്ലാ-കോർഡിനേറ്റർമാർ നിർവ്വഹിക്കുന്നതാണ്.

## 13. ക്ലസ്റ്റർ കൺവീനർമാർ

ബ്ലോക്ക്/ നഗരസഭ അടിസ്ഥാനത്തിൽ രൂപീകരിച്ചിട്ടുള്ള ഓരോ ക്ലസ്റ്ററിനും നേതൃത്വം നൽകാൻ ഒരു ക്ലസ്റ്റർ കൺവീനർ ഉണ്ടായിരിക്കുന്നതാണ്. അതാത് ക്ലസ്റ്ററുകളിൽ വിന്യസിച്ചിട്ടുള്ള കലാകാരന്മാരിൽ നിന്നും ഒരാളെ ക്ലസ്റ്റർ കൺവീനറായി സാംസ്കാരിക വകുപ്പ് നിയമിക്കുന്നതും പ്രസ്തുത കൺവീനർ തന്റെ കലാപരിശീലന പ്രവർത്തനങ്ങൾക്കു പുറമേ ക്ലസ്റ്ററിന്റെ പ്രവർത്തനങ്ങളുടെ ഏകോപന ചുമതല കൂടി നിർവ്വഹിക്കുന്നതുമാണ്. ജില്ലാ-കോ ഓഡിനേറ്റർ ജില്ലാ അടിസ്ഥാനത്തിൽ നിർവ്വഹിക്കേണ്ട ചുമതലകൾ ക്ലസ്റ്റർ കൺവീനർ ക്ലസ്റ്റർ അടിസ്ഥാനത്തിൽ ചെയ്യേണ്ടതാണ്. ഇതിനായി ചെയ്യേണ്ടി വരുന്ന അധിക യാത്രകൾക്ക് യാത്രാപടി നൽകുന്നതിനും വ്യവസ്ഥയുണ്ടാകും.

ഒരു നിശ്ചിത ക്ലസ്റ്ററിൽ വിന്യസിക്കപ്പെടുന്ന ഏതൊരു കലാകാരനും ക്ലസ്റ്റർ കൺവീനറായി നിയോഗിക്കപ്പെട്ടാൽ അപ്രകാരം കൂടി പ്രവർത്തിക്കുവാൻ ബാധ്യതയുണ്ടായിരിക്കുന്നതാണ്.

## 14. പരിശീലന കേന്ദ്രം മോണിറ്റർ

ഒരു ക്ലസ്റ്ററിൽ വിന്യസിക്കപ്പെട്ടിരിക്കുന്ന കലാകാരന് പ്രസ്തുത ക്ലസ്റ്ററിലെ ഒരു നിശ്ചിത കലാപരിശീലന കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ നേരിട്ട് മോണിറ്റർ ചെയ്യാനുള്ള ചുമതല ഉണ്ടായിരിക്കുന്നതാണ്. ഇപ്രകാരം മോണിറ്റർ ചെയ്യാനായി ഓരോ കലാകാരനും ഓരോ കലാകേന്ദ്രം അനുവദിച്ച് നൽകുന്നതാണ്. പ്രസ്തുത കേന്ദ്രത്തിൽ നടക്കുന്ന കലാപഠനം ഉൾപ്പെടെയുള്ള എല്ലാ പദ്ധതി പ്രവർത്തനങ്ങളും നിർദ്ദിഷ്ട രീതിയിൽ നടപ്പാക്കേണ്ടതും പ്രസ്തുത കലാകേന്ദ്രം സംബന്ധിച്ച് പഠിതാക്കളുടെയും രക്ഷകർത്താക്കളുടെയും പൊതുജനങ്ങളുടെയും സമീപനം സംബന്ധിച്ച് നിരീക്ഷിക്കുകയും ക്ലസ്റ്റർ കൺവീനർക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. താൻ വിന്യസിക്കപ്പെട്ട ക്ലസ്റ്ററിലെ ഇതര കലാകേന്ദ്രങ്ങളിൽ കലാപരിശീലനം നൽകുമ്പോൾ തന്നെ തനിക്ക് മോണിറ്ററിംഗ് ചുമതല നൽകിയിട്ടുള്ള കേന്ദ്രത്തിന്റെ പ്രധാന പരിശീലകനായി തുടരേണ്ടതാണ്.

## 15. വാദ്യോപകരണങ്ങൾ, കലാപരിശീലന സാമഗ്രികൾ

കലാപരിശീലനത്തിന് ആവശ്യമായ അത്യാവശ്യ വാദ്യോപകരണങ്ങൾ, കലാപരിശീലന സാമഗ്രികൾ എന്നിവ സാംസ്കാരിക വകുപ്പ് ക്ലസ്റ്റർ അടിസ്ഥാനത്തിൽ ലഭ്യമാക്കുന്നതാണ്. സംഗീത പഠനത്തിന് ആവശ്യമായ ശ്രുതിപ്പെട്ടി, നൃത്താഭ്യസനത്തിന് വേണ്ട മുട്ടിയും കോലും, കൂടിയാട്ടത്തിനുള്ള മിഴാവ് കുറ്റി, മേളത്തിന് ആവശ്യമായ കരിങ്കല്ലും കോലും, ശ്രവണപ്പലക, ചിത്രരചനക്കുള്ള ഈസൽ, ചായക്കൂട്ടുകൾ, ബ്രഷുകൾ, കാൻവാസ്, ശില്പകലയ്ക്ക് വേണ്ട ഉപകരണങ്ങൾ തുടങ്ങിയവ അടിയന്തിരമായി വകുപ്പ് വിതരണം ചെയ്യുന്നതാണ്. പരിശീലനം പുരോഗമിക്കുന്നതനുസരിച്ച് സംഗീതോപകരണങ്ങൾ ലഭ്യമാക്കുന്ന കാര്യം പ്രത്യേകം പരിഗണിക്കുന്നതാണ്.

വാദ്യോപകരണങ്ങൾ മറ്റ് പഠന സാമഗ്രികൾ തുടങ്ങിയവയുടെ ലഭ്യമാക്കൽ, ഉപയോഗം, സുരക്ഷിതമായ സൂക്ഷിപ്പ് എന്നീ കാര്യങ്ങളിൽ ഫെലോഷിപ്പ് കലാകാരന്മാർക്കും, ബന്ധപ്പെട്ട ക്ലസ്റ്റർ കൺവീനർമാർക്കും, ജില്ലാ കോ-ഓർഡിനേറ്റർമാർക്കും കൂട്ടുത്തരവാദിത്വം ഉണ്ടായിയിരിക്കുന്നതാണ്. വകുപ്പ് ലഭ്യമാക്കുന്ന മേല്പറഞ്ഞ സാമഗ്രികൾ കുറ്റമറ്റതായും ഉപയോഗക്ഷമമായും നിശ്ചിത സമയത്ത് വകുപ്പിന് തിരിച്ചേൽപ്പിക്കാനുള്ള ഉത്തരവാദിത്വം മോണിറ്റർ, ക്ലസ്റ്റർ കൺവീനർ എന്നീ നിലകളിൽ പ്രവർത്തിക്കുന്ന കലാകാരന്മാരിലും കോ-ഓർഡിനേറ്റർമാരിലും നിക്ഷിപ്തമായിരിക്കും.

## 16. പദ്ധതി ഉദ്ഘാടനം

പദ്ധതിയുടെ സംസ്ഥാനതല, ക്ലസ്റ്റർതല ഉദ്ഘാടനങ്ങൾ വിപുലമായ പരിപാടികളോടെ ജനകീയമായി സംഘടിപ്പിക്കുന്നതാണ്. പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള കലാരൂപങ്ങളിൽ കഴിയുന്നത്ര ഇനങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള കലാവിരുന്ന് സംസ്ഥാനതല ചടങ്ങിന്റെ ഭാഗമായി അവതരിപ്പിക്കുന്നതാണ്. നൃത്ത സംഗീത പരിപാടികൾക്ക് പുറമെ കൂടിയാട്ടം, കഥകളി, ലഘുനാടകം, തത്സമയ ചിത്രരചന, ശില്പ സൃഷ്ടി എന്നിവയും വഞ്ചിപ്പാട്ട്, തെയ്യം തുടങ്ങിയ നാടോടി അനുഷ്ഠാനകലകളുടെ രംഗാവിഷ്കാരങ്ങളും ഉണ്ടായിരിക്കുന്നതാണ്. സംസ്ഥാന തലത്തിൽ അരങ്ങേറിയ കലാരൂപങ്ങളുടെ ചെറുപതിപ്പുകൾ ജില്ലാതല ഉദ്ഘാടനത്തിന്റെ ഭാഗമായി വിവിധ കേന്ദ്രങ്ങളിൽ അവതരിപ്പിക്കുന്നതാണ്.

വിവിധ കലാപരിപാടികൾ അവതരിപ്പിക്കുന്ന സഞ്ചരിക്കുന്ന കലാസംഘങ്ങൾ പദ്ധതി വിളംബരമായി ജില്ലയിലുടനീളം കലാവതരണങ്ങൾ സംഘടിപ്പിക്കുന്നതാണ്. തദ്ദേശ സ്വയം ഭരണ സർക്കാരുകൾ, വിദ്യാലയങ്ങൾ, ഗ്രന്ഥശാലകൾ, യുവജനകലാസമിതികൾ, കുടുംബശ്രീ യൂണിറ്റുകൾ എന്നിവ ഇത്തരം കലാവതരണത്തിന് വേദിയും സൗകര്യങ്ങളും ഒരുക്കുന്നതാണ്. ക്ലസ്റ്റർ തലത്തിൽ നടക്കുന്ന പ്രവേശനോത്ഘാടനത്തിൽ അതാത് ജില്ലയിലെ മുഴുവൻ കലാകാരന്മാരും പങ്കെടുക്കുന്നതാണ്.

17) **<u>ബ്ലോക്ക്/മുൻസിപ്പൽ/കോർപ്പറേഷൻ ജില്ലാ, സംസ്ഥാനതല കലാവതരണം</u>**

നിശ്ചിത ഇടവേളകളിൽ ബ്ലോക്ക് ജില്ലാ സംസ്ഥാന തലങ്ങളിൽ ഫെലോഷിപ്പ് കലാകാരന്മാരും പഠിതാക്കളും നടത്തുന്ന കലാവതരണം ഈ പദ്ധതിയുടെ മുഖ്യ ആകർഷണങ്ങളിലൊന്നാണ്. കലാഭ്യസനം പൂർത്തിയാക്കുന്ന പഠിതാക്കളുടെ അരങ്ങേറ്റം സംഘടിപ്പിക്കേണ്ടതും തുടർപ്രവർത്തനങ്ങൾക്കാവശ്യമായ പിന്തുണ ഉറപ്പാക്കേണ്ടതുമാണ്. നാൽപ്പത്തഞ്ചോളം കലാവിഭാഗങ്ങളിൽ പരിശീലനം സിദ്ധിച്ച കുട്ടികളും യുവാക്കളും അതാത് കലാരൂപങ്ങൾ ആവശ്യമായ ചമയങ്ങൾ ഉപയോഗിച്ചും സംഗീതോപകരണങ്ങളുടെ അകമ്പടിയോടെയും കലാമേളകളിൽ അവതരിപ്പിക്കുന്നതാണ്. ആയിരം ഫെലോഷിപ്പ് കലാകാരന്മാർ പരിശീലിപ്പിച്ച് സജ്ജരാക്കിയ നൂറു കണക്കിന് കലാകാരന്മാർ ഓരോ ജില്ലയിലും വിവിധ കേന്ദ്രങ്ങളിൽ കലാപരിപാടികൾ നടത്തുന്നതും അവരിൽ നിന്നും തെരഞ്ഞെടുത്ത കലാകാരന്മാർ സംസ്ഥാനതലത്തിൽ കലാവതരണം നടത്തുന്നതുമാണ്. ഓരോ തലത്തിലും കലാവതരണങ്ങളിൽ മെച്ചപ്പെട്ട രീതിയിൽ പങ്കെടുക്കുന്നതിന് സാംസ്കാരിക വകുപ്പിന്റെ പുരസ്കാരങ്ങളും സാക്ഷ്യപത്രങ്ങളും നൽകുന്ന കാര്യം പ്രത്യേകം പരിഗണിക്കുന്നതാണ്.

18. **<u>കലാസൃഷ്ടികൾ</u>**

പദ്ധതിയിൻ കീഴിൽ സൃഷ്ടിക്കപ്പെടുന്ന ചിത്രങ്ങൾ, ശില്പങ്ങൾ തുടങ്ങിയവയുടെ പ്രദർശനങ്ങൾ ജില്ലാ സംസ്ഥാന തലങ്ങളിൽ സംഘടിപ്പിക്കാവുന്നതാണ്. തുടർന്ന് ഇവ അതാത് പ്രാദേശിക സർക്കാരുകളുടെ ഉടമസ്ഥതയിൽ സൂക്ഷിക്കാവുന്നതോ വിപണന മേളകളിൽ വിറ്റഴിക്കാവുന്നതോ ആണ്.

**<u>19. പദ്ധതി അവലോകനം</u>**

പദ്ധതി നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിൽ കൈവരിക്കുന്ന പുരോഗതി നിശ്ചിത ഇടവേളകളിൽ അവലോകനം ചെയ്യുന്നതിന് ചുവടെ പറയുന്ന സംവിധാനം ഉണ്ടായിരിക്കുന്നതാണ്. മൂന്ന് തലങ്ങളിലായി നടത്തുന്ന അവലോകനങ്ങൾ ഫെലോഷിപ്പ് കലാകാരന്മാരുടെ പ്രവർത്തനങ്ങൾ, അവർ സംഘടിപ്പിച്ച പരിശീലന ക്ലാസ്സുകളുടെ എണ്ണം, പഠിതാക്കളുടെ എണ്ണം, അവരുടെ ഹാജർ, നടത്തിയ കലാവതരണങ്ങളുടെ എണ്ണം, നിലവാരം, അവർ ആർജ്ജിച്ച കലാപ്രാവീണ്യം എന്നിവ ജില്ലാ കോ-ഓർഡിനേറ്റർമാരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ച് വിലയിരുത്തുന്നതാണ്. എല്ലാ യോഗങ്ങൾക്കും മിനിട്സ് തയ്യാറാക്കേണ്ട ചുമതല ഫെലോഷിപ്പ് കലാകാരനായിരിക്കും. മിനിട്സ്/ ബോണ്ട് ബുക്കിൽ യോഗത്തിൽ പങ്കെടുക്കുന്ന എല്ലാവരുടേയും ഒപ്പം, വിശദമായ തീരുമാനങ്ങളും, രേഖപ്പെടുത്തി അദ്ധ്യക്ഷനെക്കൊണ്ട് അംഗീകരിച്ച് സൂക്ഷിക്കണം.

## എ) ഗ്രാമപഞ്ചായത്ത് / നഗരസഭാ വാർഡ് തല സമിതി അവലോകനം

ഖണ്ഡിക 4 പ്രകാരമുള്ള സമിതിയാണ് ഏറ്റവും താഴെ തലത്തിലുള്ള പരിശീലന കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട ദൈനംദിന കാര്യങ്ങൾ നടപ്പാക്കുന്നത്. ഈ സമിതി പ്രതിമാസം ചേർന്നാണ് പരിശീലന കേന്ദ്ര പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നത്. ഈ അവലോകനത്തിന്റെ അടിസ്ഥാനത്തിൽ പരിശീലന കേന്ദ്രം മോണിറ്റർ ബ്ലോക്ക്/നഗരസഭാ തലത്തിലെ സമിതികളിൽ പങ്കെടുത്ത് റിപ്പോർട്ട് ചെയ്യും. എല്ലാ തലങ്ങളിലേയും റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള ഫോർമാറ്റ് സാംസ്കാരിക വകുപ്പ് നൽകുന്നതാണ്. ഈ യോഗം എല്ലാ കേന്ദ്രങ്ങളിലും ഓരോ മാസത്തിലെയും ആദ്യ ആഴ്ചയിൽ കൂടേണ്ടതാണ്.

## ബി) ബ്ലോക്ക്/മുൻസിപ്പൽ/കോർപ്പറേഷൻതല സമിതി - അവലോകനം

ഖണ്ഡിക 3 പ്രകാരമുള്ള സമിതിയാണിത്. ഓരോ പരിശീലന കേന്ദ്രത്തിലേയും മോണിറ്റർമാർ ഈ യോഗത്തിൽ പങ്കെടുത്ത് നിർദ്ദിഷ്ട ഫോർമാറ്റിൽ തയ്യാറാക്കുന്ന റിപ്പോർട്ട് അവതരിപ്പിക്കും. അതിന്മേലുള്ള ചർച്ചയുടെ അടിസ്ഥാനത്തിലും ജില്ലാ സംസ്ഥാനതല നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലും തീരുമാനങ്ങൾ കൈക്കൊണ്ട് നടപ്പാക്കുന്നതാണ്. ക്ലസ്റ്റർ കൺവീനർ ജില്ലാതല മീറ്റിംഗിൽ പങ്കെടുത്ത് നിർദ്ദിഷ്ട ഫോർമാറ്റിൽ റിപ്പോർട്ട് തയ്യാറാക്കി അവതരിപ്പിക്കും. ഈ യോഗം എല്ലാ മാസത്തിലും രണ്ടാമത്തെ ആഴ്ചയിൽ ബ്ലോക്ക്/മുൻസിപ്പൽ/കോർപ്പറേഷൻ ആസ്ഥാനത്ത് ചേരേണ്ടതാണ്.

## സി) ജില്ലാതല ക്ലസ്റ്റർ കൺവീനർമാരുടെ യോഗം

ജില്ലാ കോ-ഓർഡിനേറ്റർമാരുടെ നേതൃത്വത്തിൽ എല്ലാ ക്ലസ്റ്റർ കൺവീനർമാരുടേയും യോഗം ഓരോ മാസവും മൂന്നാമത്തെ ആഴ്ചയിൽ കൂടേണ്ടതാണ്. ഓരോ ക്ലസ്റ്റർ കൺവീനർമാരും നിർദ്ദിഷ്ട പ്രോഫോർമയിൽ തയ്യാറാക്കിയ റിപ്പോർട്ട് അവതരിപ്പിക്കണം. ജില്ലാ ഏകോപന സമിതിയുടേയും സാംസ്കാരിക വകുപ്പിന്റെയും നിർദ്ദേശങ്ങൾ ജില്ലാ കോ-ഓർഡിനേറ്റർ യോഗത്തിൽ അവതരിപ്പിക്കണം. തുടർന്ന് നടക്കുന്ന ചർച്ചകളുടേയും വിശദീകരണങ്ങളുടേയും അടിസ്ഥാനത്തിൽ തീരുമാനങ്ങൾ കൈക്കൊണ്ട് നടപ്പാക്കണം. ഈ യോഗത്തിൽ അവതരിപ്പിച്ച റിപ്പോർട്ടുകളുടേയും തീരുമാനങ്ങളുടേയും അടിസ്ഥാനത്തിൽ ജില്ലാതല പ്രതിമാസ റിപ്പോർട്ട് ജില്ലാ കോ-ഓർഡിനേറ്റർ നിർദ്ദിഷ്ട ഫോർമാറ്റിൽ തയ്യാറാക്കി ജില്ലാതല ഉപദേശക സമിതിക്ക് വേണ്ടി ജില്ലാ പ്ലാനിംഗ് ആഫീസർക്കും സാംസ്കാരികവകുപ്പ് ഡയറക്ടർക്കും ഓരോ മാസവും 25-ാം തീയതിക്കു മുമ്പ് സമർപ്പിക്കേണ്ടതാണ്. ഈ യോഗങ്ങൾ കഴിയുന്നതും ഓരോ മാസവും ഓരോ ക്ലസ്റ്റർ കേന്ദ്രങ്ങളിലും റൊട്ടേറ്റ് ചെയ്ത് കൂടേണ്ടതാണ്. ജില്ലാതല ഉപദേശക സമിതിയിലും സാംസ്കാരികവകുപ്പ് ഡയറക്ടറുടെ മീറ്റിംഗിലും പങ്കെടുത്ത് ജില്ലാ കോ-ഓർഡിനേറ്റർ റിപ്പോർട്ട് ചെയ്യണം. ടി യോഗ തീയതിയും സമയവും ജില്ലാ കോ-ഓർഡിനേറ്റർ ജില്ലാ പ്ലാനിംഗ് ആഫീസറുമായി ബന്ധപ്പെട്ട് നിശ്ചയിക്കേണ്ടതും പ്ലാനിംഗ് ആഫീസർ അഥവാ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗ സ്ഥനേയോ യോഗത്തിൽ പങ്കെടുപ്പിക്കേണ്ടതുമാണ്.